**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - കുമരകം ഗ്രാമപഞ്ചായത്ത് - ശ്രീനാരായണ ജയന്തി ജലോത്സവം - പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2659/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09/09/2016

---

പരാമർശം :- കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കുമരകത്ത് ശ്രീനാരായണ ജയന്തി ജലോത്സവം നടത്തുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അമ്പതിനായിരം രൂപ ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നാണ് പരാമർശ കത്തുപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം ജില്ലയിലെ കുമരകത്ത് ശ്രീനാരായണ ജയന്തി ജലോത്സവം നടത്തുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രസിഡന്റ്/സെക്രട്ടറി, കുമരകം ഗ്രാമപഞ്ചായത്ത്, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

***ഉത്തരവിൻ പ്രകാരം,***

Liya

***സെക്ഷൻ ഓഫീസർ.***